56 (2616) ബസ്സ് ചാർജ്ജ് വർദ്ധനവ്

ശ്രീ. പാലോട് രവി :
ശ്രീ. എ.കെ. മണി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. ബി. വിജയകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബസ്സ് ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) ബസ്സ് ചാർജ്ജ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചുവോ;

(സി) ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) ബസ്സ് ചാർജ്ജ് വർദ്ധനവ് സംബന്ധിച്ച അന്തിമ തീരുമാനം ഗവൺമെന്റ് തലത്തിൽ എടുത്തിട്ടില്ല.

(ബി) അങ്ങനെ ഒരു കമ്മിറ്റി നിലവിലില്ല.

(സി) ഉദിക്കുന്നില്ല.

57 (2617) പ്രവർത്തനക്ഷമമല്ലാത്ത കെ.എസ്.ആർ.ടി.സി ബസ്സുകൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. വി.ജെ. പൗലോസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേറ്റ് ചെയ്യാൻ കഴിയാത്ത കെ.എസ്.ആർ.ടി.സി ബസ്സുകളുടെ എണ്ണമെത്ര;

(ബി) പ്രസ്തുത വണ്ടികൾ നന്നാക്കുന്നതിന് എന്ത് ചെലവ് വഹിക്കേണ്ടതായി വരും എന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) 1999 ജനുവരി 1-ാം തീയതി മുതൽ മെയ് മാസം 31 വരെ കോർപ്പറേഷന്റെ എത്ര സർവ്വീസുകൾ ക്യാൻസൽ ചെയ്യേണ്ടതായി വന്നിട്ടുണ്ട്;

(ഡി) അതിനുള്ള കാരണങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എല്ലാ ബസ്സുകളും ഉപയോഗയോഗ്യമാണ്. ഇവയിൽ 366 ബസ്സുകൾ പല തരത്തിലുള്ള അറ്റകുറ്റപണികൾക്കായി വർക്ക്ഷോപ്പുകളിൽ നിർത്തിയിട്ടിരിക്കുന്നു.

(ബി) അറ്റകുറ്റപണികൾ നടന്നുവരുകയാണ്. എന്തു തുക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) 5,73,951 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാനുണ്ടായിരുന്നതിൽ 1,23,212 സർവ്വീസുകൾ ക്യാൻസൽ ചെയ്യേണ്ടിവന്നിട്ടുണ്ട്.

(ഡി) ബസ്സിന്റെയും ജീവനക്കാരുടെയും അപര്യാപ്തത മൂലമാണ് ഇപ്രകാരം ക്യാൻസൽ ചെയ്യേണ്ടിവന്നിട്ടുള്ളത്.

58 (2618) ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ സ്ഥിരം ജീവനക്കാരുടെ കുറവ്

ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. പി. നാരായണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ഇപ്പോൾ എത്ര സ്ഥിരം ജീവനക്കാരുടെ കുറവ് ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വിഭാഗത്തിലും എത്ര ജീവനക്കാരുടെ വീതം കുറവ് ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) മരണമടയുന്നവരുടെ ആശ്രിത നിയമന പദ്ധതി പ്രകാരം എത്ര പേർക്ക് ജോലി നൽകുവാനുണ്ട്; ഇതിൽ വനിതകൾ എത്ര; വനിതകൾക്കു ജോലി ലഭിക്കാനുണ്ടാകുന്ന കാലതാമസം എന്തു കൊണ്ടാണെന്നു വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) 9502 സ്ഥിരം ജീവനക്കാരുടെ കുറവുണ്ട്. ഓരോ വിഭാഗത്തിലെയും ഒഴിവുകൾ താഴെ കൊടുക്കുന്നു.

ഡ്രൈവർ	5676
കണ്ടക്ടർ	2391
മെക്കാനിക്കൽ വിഭാഗം	900
ഗാർഡ്	311
പ്യൂൺ	168
സ്വീപ്പർ	36
സ്വീപ്പർ കം സ്കാവഞ്ചർ	20

(റിട്ടയർമെന്റും നാളിതുവരെയുള്ള ഷെഡ്യൂൾ വർദ്ധനവും അനുസരിച്ചുള്ള കണക്കാണിത്)

(സി) 1/98 മുതൽ 12/2001 വരെയുള്ള കാലയളവുകളിൽ റിട്ടയർമെന്റ് മൂലം ഉണ്ടാകുന്ന ഒഴിവുകളുടെ എണ്ണം 6-12-97-ൽ 1012/ജിഎൻ2/97/ആർ.ടി.സി എന്ന കത്തു മുഖാന്തിരം പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടൊപ്പം തന്നെ ഓപ്പറേറ്റിംഗ് വിഭാഗത്തിലും മെക്കാനിക്കൽ വിഭാ

LIBRARY ARCHIVES Kerala Legislative Assembly